(ബി) ഇതിന്റെ ഭാഗമായി വർക്ക്ഷോപ്പ് സൗകര്യവും ഡീസൽ പമ്പും സ്ഥാപിക്കുന്നതിനെക്കുറിച്ച് തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ;

(സി) എങ്കിൽ എടുത്ത തീരുമാനങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വർക്ക് ഷോപ്പിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിനു വിധേയമായി ഡീസൽ പമ്പു സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നിലവിലുള്ള ഗാരേജിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിൾ സ്വീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞാൽ സാമ്പത്തിക ലഭ്യതയനുസരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. ഇവിടെ ഒരു ഡീസൽ പമ്പു സ്ഥാപിക്കുന്നതിലേയ്ക്കായി കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡിന്റെ അംഗീകാരം തേടിയിരിക്കുകയാണ്. അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ മദ്രാസിലെ എക്സ്പ്ലോസീവ് ഡിപ്പാർട്ടുമെന്റിന്റെ അനുമതിക്കു വിധേയമായി ഡീസൽ പമ്പുകൾ സ്ഥാപിക്കുന്നതാണ്.

മാള കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും പുതിയ സർവ്വീസുകൾ തുടങ്ങാൻ നടപടി

106(1930)ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മാള കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും എത്ര ഷെഡ്യൂളുകൾ കുറച്ചു;

(ബി) വെട്ടിക്കുറച്ച പ്രസ്തുത ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കണമെന്ന ആവശ്യം പരിഗണിക്കുമോ;

(സി) മാള ഡിപ്പോയിൽനിന്നും സർവ്വീസുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതിയ സർവ്വീസുകൾ ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏത് പുതിയ സർവ്വീസുകൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർവ്വീസുകളൊന്നും കുറച്ചിട്ടില്ല. ബസ്സിന്റെ അപര്യാപ്തത മൂലം വരുമാനം തീരെകുറഞ്ഞ ചില സർവ്വീസുകൾ ദേശസാൽകൃത മേഖലയല്ലാത്ത റൂട്ടുകളിൽ ഓപ്പറേറ്റ് ചെയ്യാൻ കഴിഞ്ഞില്ലന്നേയുള്ളൂ.

(ബി) സ്വകാര്യ സർവ്വീസുകൾ നിലവിലുള്ള റൂട്ടുകളിലെ വരുമാനം കുറവായ സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ നിർവ്വാഹമില്ല.

(സി) ഉണ്ട്.

(ഡി) ബസ്സുകളുടെ അപര്യാപ്തതമൂലം തൽക്കാലം നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly